(സി) ഈ പ്രവണത തടയുന്നതിനും വ്യാജമദ്യത്തിന്റെ ഉപഭോഗത്തിനെതിരെ ജനങ്ങളെ ബോധവല്കരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനപ്രദേശം, നദീതീരങ്ങൾ, ചില തടാകങ്ങളുടെ തീരങ്ങൾ എന്നിവിടങ്ങളിൽ വ്യാജവാറ്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വ്യാജമദ്യത്തിന്റെ ഉപഭോഗം തടയുന്നതിന് കർശനമായ എൻഫോഴ്സ്മെന്റ് നടപടികൾ എടുക്കുന്നതിനോടൊപ്പം മദ്യത്തിന്റെ ഉപഭോഗത്തിനെതിരെ ബോധവല്കരണ പരിപാടികളും നടപ്പാക്കി വരുന്നുണ്ട്.

ആഘോഷ വേളകളിലെ മദ്യസല്കാരം നിരുത്സാഹപ്പെടുത്തുന്നതിനായി ബോധവല്കരണം

64 [347] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഘോഷ വേളകളിലെ മദ്യസൽക്കാരം ഒരു സാമൂഹിക വിപത്തായി മാറിക്കൊണ്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വക പ്രവർത്തനം നിരുത്സാഹപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സാമൂഹിക വിപത്തിനെതിരെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയ കൂട്ടായ്മയിലൂടെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ബോധവൽക്കരണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മദ്യവിപത്തിന്റെ ദോഷവശങ്ങളെ സംബന്ധിച്ച് സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടി ബോധവല്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബോധവല്കരണ പരിപാടികൾക്ക് ധനസഹായം നല്കുന്നതിനായി ബഡ്ജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുകയും അത് ജില്ലാ കളക്ടർമാർ വഴി ഈ രംഗത്ത് പ്രവർത്തിക്കുന്ന അർഹരായ സന്നദ്ധ സംഘടനകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

അബ്കാരി കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക

65 [348] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരി കുടിശ്ശിക ഇനത്തിൽ എന്തു തുക സർക്കാരിന് ലഭിക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ എന്തു തുക വീതം ലഭിക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അബ്കാരി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയ്ക്കാണ് സ്റ്റേ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003 ആഗസ്റ്റ് 31 വരെ ഏകദേശം 284,11,58,623 രൂപ അബ്കാരി കരാറുകാരിൽ നിന്നും കുടിശ്ശികയായി ലഭിക്കാനുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അബ്കാരി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടില്ല.

വിദേശമദ്യം ഉല്പാദിപ്പിക്കുന്നതും ബോട്ടിലിംഗ് നടത്തുന്നതുമായ സ്ഥാപനങ്ങൾ

66 [349] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കുന്നതും ബോട്ടിലിംഗ് നടത്തുന്നതുമായ എത്ര സ്ഥാപനങ്ങൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ സ്ഥാപനത്തിലേയും ഉല്പാദനശേഷി എത്രയാണെന്നും, തൊഴിലാളികളുടെ എണ്ണം എത്രയാണെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly